**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 153** **22-06-2026-ൽ മറുപടിയ്ക്ക്**

**പൊതുജനാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്താനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ മികച്ച രീതിയിൽ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഏറ്റവും അത്യാധുനികമായ ചികിത്സാ സൗകര്യങ്ങൾ സാധാരണക്കാരായ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ മുൻഗണ നൽകുന്നതാണ്. അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിനും കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി" നടപ്പിലാക്കുന്നതാണ്. കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതുമാണ്.

മെഡിക്കൽ കോളേജുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ കൂടുതൽ ജനകീയമാക്കുകയും ചെയ്യും. ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പാക്കാൻ പുതിയ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതാണ്. അത്യാഹിത-ട്രോമ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങൾ തമ്മിൽ മികച്ച ഏകോപനം ഉറപ്പാക്കിക്കൊണ്ടും ഡിജിറ്റലൈസ്ഡ് സംവിധാനം ലഭ്യമാക്കിക്കൊണ്ടും 'ഗോൾഡൻ അവർ പ്രോജക്ട്' നടപ്പിലാക്കും. ആദിവാസി മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി 'ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ'.തീരദേശ മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലന ത്തിനായി പ്രത്യേക 'കോസ്റ്റൽ കെയർ യൂണിറ്റുകൾ' എന്നിവ സ്ഥാപിച്ച് ചികിത്സ ഉറപ്പാക്കും.സംസ്ഥാനത്ത് എസ്.എം.എ. (Spinal Muscular Atrophy) അപൂർവ്വ രോഗങ്ങൾക്ക് മരുന്നുകൾ അടക്കമുള്ള ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.

നിലവിൽ സംസ്ഥാനത്തെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ അവശ്യമരുന്നുകളുടെ ലഭ്യത തൃപ്തികരമായ നിലയിലാണ്. മരുന്നുകളുടെ സമയ ബന്ധിതമായ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്ന സൗജന്യ മരുന്നുകളുടെ ഗുണനിലവാരവും യഥാസമയമുള്ള ലഭ്യതയും ഉറപ്പാക്കുന്നതിനായി

കെ.എം.എസ്.സി.എൽ.-ന്റെ മരുന്ന് സംഭരണ പ്രക്രിയ പുനപരിശോധിച്ച് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും മരുന്നുകളുടെ ലഭ്യതയും സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്നും അവ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**